(സി) ക്ളോസറ്റുകൾക്കും മറ്റും സംഭവിക്കുന്ന കേടുപാടുകൾ അപ്പപ്പോൾ നന്നാക്കുവാൻവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി ആന്റ് ഇ) പേവാർഡിനു ചുറ്റുമുള്ള ചപ്പ് ചവറുകൾ ദിവസവും മാറ്റി വൃത്തിയാക്കുന്നുണ്ട്.

എറണാകുളം ജില്ലയിലെ കടയിരുപ്പ് ഗവൺമെന്റ് ആശുപത്രി

136 [2628] ശ്രീ. ടി. എച്ച്. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ കടയിരുപ്പ് ഗവൺമെന്റ് ആശുപത്രിയിൽ എത്രപേരെ ഒരേ സമയം കിടത്തി ചികിത്സിക്കാൻ സൗകര്യമുണ്ടെന്നും എത്ര പേരെ കിടത്തി ചികിത്സിക്കാൻ ഗവൺമെന്റ് അനുവദിച്ചിട്ടുണ്ടെന്നും കഴിഞ്ഞ 10 വർഷമായി പ്രതിവർഷം എത്രപേർ വീതം ഔട്ട്പേഷ്യൻസായും എത്രപേർ വീതം ഇൻപേഷ്യൻസായും ഇവിടെനിന്നും ചികിത്സ നടത്തി പോയി എന്നും വ്യക്തമാക്കുമോ;

(ബി) ഇവിടെ ഒരു മെയിൽ സർജനേയും ഒരു ലേഡി ഗൈനക്കോളജിസ്റ്റിനെയും സ്പീപ്പേഴ്സിനേയും ക്ലീനേഴ്സിനെയും പോസ്റ്റ് ചെയ്യണമെന്നുള്ള ആവശ്യത്തിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചു എന്നും ഇപ്പോൾ ആവശ്യത്തിനുള്ള എല്ലാ സ്റ്റാഫും ഉണ്ടോ എന്നും വ്യക്തമാക്കാമോ;

(സി) ഈ ആശുപത്രിയിലെ ഓപ്പറേഷൻ തിയേറ്ററും ലേബർ റൂമും ആവശ്യത്തിനുള്ള എക്വിപ്മെന്റ്സ് നൽകി പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ലാബ്, ഇ.സി.ജി., അൾട്രാസൗണ്ട് സ്കാനിംഗ്, എക്സ് റേ തുടങ്ങി അത്യാവശ്യമായ എക്വിപ്മെന്റസ് ലഭിക്കുന്നതിനും വാർഡ് മോഡിഫിക്കേഷൻ നടത്തുന്നതിനും ഡോക്ടർക്കും സ്റ്റാഫിനും ക്വാർട്ടേഴ്സ് പണിയുന്നതിനും മറ്റുമായി ഡി.എച്ച്.എസിൽ സമർപ്പിച്ച എസ്റ്റിമേറ്റും പ്ലാനും കട്ടേഷനും പ്രോജക്ട് റിപ്പോർട്ടും ഏതു സ്കീമിലാണ് ഉൾപ്പെടുത്തി നടപ്പിലാക്കാൻ പോകുന്നത് എന്നും എന്നേക്ക് ഈ അവശ്യ സാധനസാമഗ്രികളും കെട്ടിടങ്ങളും നൽകുമെന്നും വ്യക്തമാക്കാമോ;

(ഇ) കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ ഏക സർക്കാർ ആശുപത്രിയായ കടയിരുപ്പ് ഗവൺമെന്റ് ആശുപത്രിക്ക് ഒരു താലൂക്ക് ആശുപത്രിയുടെ സ്റ്റാറ്റസ് നൽകി അതിനാവശ്യമായ ഡോക്ടർമാരേയും സ്റ്റാഫിനെയും നിയമിച്ചും സാധന സാമഗ്രികൾ നൽകിയും കെട്ടിടങ്ങൾ പണിതീർത്തും ഈ പ്രദേശത്തെ രോഗികളെ സഹായിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എറണാകുളം ജില്ലയിലെ കടയിരുപ്പ് സർക്കാർ ആശുപത്രിയിൽ 50 കിടക്കകളാണ് കിടത്തി ചികിത്സയ്ക്കായി അനുവദിച്ചിട്ടുള്ളത്. പ്രതിവർഷം ഏകദേശം 4500 പേർ ഒ.പി. വിഭാഗത്തിലും 600 പേർ ഐ.പി. വിഭാഗത്തിലും ചികിത്സയ്ക്കായി വരുന്നുണ്ട്.

(ബി) ഈ ആശുപത്രിയിൽ രണ്ട് അസിസ്റ്റന്റ് സർജന്റെ തസ്തികകൾ ഉണ്ട്. ഇതിൽ ഒരു ലേഡി ഡോക്ടർ ജോലി ചെയ്യുന്നു. ഒരെണ്ണം ഒഴിഞ്ഞുകിടക്കുന്നു. ലഭ്യതയനുസരിച്ച് ഗൈനക്കോളജിസ്റ്റിനെ നിയമിക്കുന്നകാര്യം പരിശോധിക്കുന്നതാണ്. സ്പെഷ്യലിസ്റ്റ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേന നിയമിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ഡി) ടി ആശുപത്രിയുടെ പുനരുദ്ധാരണം നബാർഡ് സ്കീമിൽ ഉൾപ്പെടുത്തിയിട്ടില്ല. ഹെൽത്ത് സിസ്റ്റം പ്രോജക്ട് അനുവദിച്ചു കിട്ടുകയാണെങ്കിൽ അതിൽ ഉൾക്കൊള്ളിക്കുവാൻ ശ്രമിക്കുന്നതാണ്. എന്നാൽ ഹെൽത്ത് സിസ്റ്റം പ്രോജക്ടിനുള്ള അംഗീകാരം ഇതുവരെയും ലഭിച്ചിട്ടില്ല.

(ഇ) ഇക്കാര്യം സർക്കാരിന്റെ സാമ്പത്തിക സ്ഥിതി അനുസരിച്ച് പരിശോധിക്കുന്നതാണ്.

വാഴക്കുളം പ്രൈമറി ഹെൽത്ത് സെന്റർ

137 [2629] ശ്രീ. ടി. എച്ച്. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ വാഴക്കുളം പി.എച്ച്.സി.-യിൽ ഇപ്പോൾ എന്തെല്ലാം സൗകര്യങ്ങൾ ഉണ്ട് എന്ന് വിശദമാക്കാമോ;

(ബി) എന്നു മുതലാണ് ഇവിടെ രോഗികളെ കിടത്തി ചികിത്സ ആരംഭിച്ചതെന്നും അന്നുമുതൽ എത്രപേരെ വീതം പ്രതിവർഷം കിടത്തി ചികിൽസിക്കുന്നുണ്ട് എന്നും വ്യക്തമാക്കുമോ;

(സി) എത്രപേർ വീതം പി.എച്ച്.സി.-യിൽ പ്രതിവർഷം ഔട്ട് പേഷ്യന്റായി ചികിൽസ നടത്തിപ്പോകുന്നു എന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പി.എച്ച്.സി.-യിൽ എത്ര ഡോക്ടർമാരും മറ്റ് തസ്തികകളിൽ എത്രപേർ വീതവും ആകെ എത്രപേർ സേവനം അനുഷ്ഠിക്കുന്നുണ്ട് എന്നും പി.എച്ച്.സി.-യിൽ പരിശോധനയും ചികിൽസയും എന്തെല്ലാം സാധന സാമഗ്രികളും സൗകര്യങ്ങളും ഉണ്ടെന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly